**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 680** **06-12-2022 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതിയിലെ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സംരംഭക വർഷമായി ആചരിക്കുന്നതുകൊണ്ട് ഈ മേഖലയിലുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയം ഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു.<br><br>ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണസ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫെഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാകുന്നതാണ്.<br><br>പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപന പ്രദേശങ്ങളിലും, സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്. ഇതുവരെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 1159 പൊതുബോധവൽക്കരണ പരിപാടികൾനടത്തുകയും അവയിലായി ആകെ 85,160 പേർപങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 2022, ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ ലൈസൻസ്/ ലോൺ/സബ്സിഡിമേളകൾ നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ നടത്തിയ വായ്പാമേളകളുടെ ഭാഗമായി 6071 വായ്പാ അപേക്ഷകൾ ലഭിച്ചു. അതിൽ 9572.59 ലക്ഷം രൂപയുടെ വായ്പകളും 3015 ലൈസൻസുകളും |

| | | | |
|---|---|---|---|
| | | | അനുവദിച്ചു. വായ്പാ മേളകളിൽ 1586 സബ്സിഡി അപേക്ഷകൾ പരിഗണിച്ചു.<br><br>ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.<br><br>വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായകേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ്പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായകേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ്പേഴ്സൺമാരെ (14) നിയമിച്ചു.<br><br>സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പദ്ധതി ആരംഭിച്ച് 2022 ഡിസംബർ 1 വരെ സംസ്ഥാനത്ത് 95754 MSME യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 5928.40 കോടി രൂപ നിക്ഷേപം വരുകയും, സംസ്ഥാനമൊട്ടാകെ 2,09,001 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് തിരുവമ്പാടി മണ്ഡലത്തിൽ നടന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | 2022 ഏപ്രിൽ മാസം 1 മുതൽ ആരംഭിക്കുന്ന എല്ലാ സംരംഭങ്ങൾക്കും കൈത്താങ്ങ് സഹായം നൽകാൻ പ്രൊഫഷണൽ യോഗ്യതയുള്ള 8ഇന്റേൺസിനെ . തിരുവമ്പാടി നിയോജക മണ്ഡലം പരിധിയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുണ്ട്. തിരുവമ്പാടി നിയോജകമണ്ഡലത്തിൽ വിവിധ തീയതികളിലായി നടത്തിയ 7 പൊതുബോധവത്ക്കരണ പരിപാടികളിലായി ആകെ 559 പേർ പങ്കെടുത്തിട്ടുണ്ട്.<br><br>തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വിവിധ പഞ്ചായത്തുകളിലും, മുക്കം മുനിസിപ്പാലിറ്റിയിലും സംരംഭക ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിങ്കൾ, ബുധൻ ദിവസങ്ങളിൽ സംരംഭക ഹെൽപ്പ് ഡെസ്ക് സംവിധാനം വഴി എം എസ് എം ഇ രജിസ്ട്രേഷൻ, പഞ്ചായത്ത് ലൈസൻസ്, പി എം ഇ ജി പി പദ്ധതി |

| | | | |
|---|---|---|---|
| | | | തുടങ്ങിയ ഓൺലൈൻ സേവനങ്ങൾ, ഇന്റേണുകൾ സംരംഭകർക്ക് നല്കുന്നു. എല്ലാ പഞ്ചായത്തുകളിലും സംരംഭക ബോധവത്ക്കരണ ശില്പശാല നടത്തിയിട്ടുണ്ട്.<br><br>തിരുവമ്പാടി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ലോൺ /ലൈസൻസ് / സബ്സിഡി മേള 2022 ആഗസ്റ്റ് മാസത്തിൽ അതാത് പഞ്ചായത്തുകളിൽ വെച്ച് നടത്തി. സംരംഭക വർഷത്തിൽ ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്ക് 4% പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാനായി വ്യവസായ വകുപ്പ് കൊണ്ടുവന്ന പദ്ധതിയും, ഒരു കുടുംബം, ഒരു സംരംഭം പദ്ധതിയും ലോൺ മേളയിൽ സംരംഭകരുടെ പങ്കാളിത്തം ഉറപ്പാക്കാനായതും തുടർന്നുള്ള പ്രവർത്തനങ്ങളിലൂടെ നിശ്ചയിക്കപ്പെട്ടിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായകരമാവുന്നതാണ്. തിരുവമ്പാടി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 2022 നവംബർ 30 വരെ 665 സംരംഭങ്ങൾ ആരംഭിക്കുകയും അവയിലൂടെ 41.47 കോടി രൂപയുടെ നിക്ഷേപം വരികയും 1384 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ